പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1902

4.10.2011-ൽ മറുപടിക്ക്

<u>പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിയ പുതിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിലെ പദ്ധതികൾ തൃപ്തികരമല്ല എന്ന് കരുതുന്നുണ്ടോ;<br><br>(ബി) എങ്കിൽ ഇങ്ങനെ കരുതാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | <u>(എ) യും (ബി) യും</u><br><br>മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ തുടങ്ങിയ പുതിയ പദ്ധതികൾ അവലോകനം ചെയ്യുമ്പോൾ ഇവ തൃപ്തികരമല്ലായെന്ന് വിലയിരുത്തിയിട്ടില്ല. |
| (സി) പല സ്ഥാപനങ്ങളിലും വൈദ്യുതി, ജീവനക്കാർ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഇല്ലാതിരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്; വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം നേരിട്ട ചില സ്ഥാപനങ്ങൾ ജനറേറ്റർ ഉപയോഗിച്ചാണ് പ്രവർത്തനമാരംഭിച്ചത്. ഈ പദ്ധതികളിലേയ്ക്കായി നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ ഇതിന്മേൽ അന്തിമ തീരുമാനം സ്വീകരിച്ചിട്ടില്ല. |
| (ഡി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(ഇ) ഇവ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | <u>(ഡി) യും (ഇ) യും</u> മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ തുടക്കം കുറിച്ച പുതിയ യൂണിറ്റുകളെക്കുറിച്ചും വിപുലീകരണ പദ്ധതികളെ സംബന്ധിച്ചും അവലോകനം നടത്തുന്നതിന് 16.9.2011-ൽ വ്യവസായ വകുപ്പ് മന്ത്രിയുടെയും, ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. 2011 ഡിസംബർ അവസാനത്തിനുമുമ്പായി ഈ യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ